# റമദാൻ  മാസത്തിന് ശേഷം

[ Malayalam]

# ماذا بعد رمضان

[ باللغة مليالم ]


**അബ്ദുൽ റസാഖ് സ്വലാഹി**

عبد الرزاق صلاحي

Editor: ഉമ്മു അബ്ദുല്ലാഹ്

مراجعة: ام عبدالله



**കൊ ഓപറേറ്റീവ് ഓഫീസ് ഫോർ കാൾ ആന്റ് ഗൈഡൻസ്**

**റബ്വ - റിയാദ് - സൗദി അറേബ്യ**

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض – المملكة العربية السعودية

islamhouse.com

1428 – 2007

# റമദാൻ മാസത്തിന് ശേഷം

## ماذا بعد رمضان

*ഇവിടെ നാം ആലോചിക്കുക,*

നമ്മുടെ ജീവിതത്തിൽ നിസ്സാരമെന്ന് തോന്നുന്ന ഒരു ഉപകാരം ചെയ്തു തരുന്ന വ്യക്തികൾ പോലും നമ്മെ വിട്ട് അകന്നു പോകുന്നത് ദുഖത്തോടെയല്ലാതെ ഓർക്കാൻ നമുക്ക് സാധിക്കുമോ?

നമ്മുടെ ജീവിതത്തിൽ ഒരു വഴിത്തിരിവുാവാൻ കാരണക്കാരായ ആത്മ സുഹൃത്തുക്കളെ വിട്ടുപിരിയേണ്ടി വന്നാൽ വാവിട്ടു കരയാത്തവരുണ്ടോ?

പ്രതീക്ഷിച്ചതും അല്ലാത്തതുമായ ധാരാളം ഉപഹാരങ്ങളുമായി പുഞ്ചിരിച്ചു സുസ്മേരവദനനായി സ്വന്തക്കാരിലേക്ക് വന്നെത്തുന്ന അതിഥിയെ സന്തോഷ ത്തോടെ ഹൃദ്യമായി നാം സ്വീകരിക്കും, അവർ യാത്ര പറയുമ്പോൾ വിങ്ങിപ്പൊട്ടിയാണ് അവരെ നാം യാത്ര അയക്കാറുള്ളത്.

എന്നാൽ ഇവിടെ നമുക്കൊന്ന് ആലോചിക്കാം, ഭക്തി നിർഭരമായ പകലുകളും അനുഗ്രഹങ്ങളാൽ ധന്യമായിരുന്ന പാതിരാവുകളും പാപ മോചനത്തിന്റേയും കാരുണ്യത്തിന്റേയും സഹനത്തിന്റേയും നിറകുടമായിരുന്ന, വിശുദ്ധ ഖുർആൻ അവതരിച്ച മാസത്തെ നാം യാത്രയാക്കി.

പുണ്യാത്മാക്കൾ ആ ആദരണീയ മാസത്തെ യാത്രയാക്കിയത് എങ്ങിനെ യായിരുന്നുവെന്ന് നിങ്ങൾ ആലോചിച്ചുവോ.?

ഭക്തൻമാർ സന്തോഷത്തോടെ നോമ്പിന് സ്വാഗതമോതി, അസ്വസ്ഥമായ മനസ്സോടെ, നിറക്കണ്ണുകളോടെ ഉരുകുന്ന മനസ്സുമായി അവർ ആ ആദരണീയ മാസത്തെ യാത്രയാക്കി.

ആ മഹനീയ മാസത്തിലെ ഓരോ ദിനരാത്രങ്ങളും ഉതിർന്നു പോകുമ്പോൾ അവർക്ക് സന്തപമായിരുന്നു.

കാരണം, പ്രവാചകന്റെ വചനത്തെ അവർ ഭയപ്പെട്ടു. അവിടുന്നു പറഞ്ഞു ''എത്രയെത്ര നോമ്പുകാരാണ് അവരുടെ നോമ്പു കൊണ്ട് ദാഹം സഹിച്ചു എന്നതിലുപരി മറ്റൊരു നൻമയും അവർക്ക് ലഭിച്ചിട്ടേയില്ല'' അതിനാൽ ഈ വിഭാഗത്തിലവർ ഉൾപ്പെടുമോ എന്ന് അവർ ഭയപ്പട്ടു. അതു കൊണ്ട് അവർ പ്രാർത്ഥിച്ചു. നാഥാ ഞങ്ങളിൽ നിന്ന് നീ സ്വീകരിക്കേണമേ. അവർ മഹാഭാഗ്യവാൻമാർ

എന്നാൽ കപടൻമാർ അസ്വസ്ഥമായ മനസ്സോടെ, നിറക്കണ്ണുകളോടെ ഉരുകുന്ന മനസ്സുമായി അവർ ആ ആദരണീയ മാസത്തെ സ്വീകരിച്ചു. ആ മഹനീയ മാസത്തിലെ ഓരോ ദിനരാത്രങ്ങളും ഉതിർന്നു പോകുമ്പോൾ അവർക്ക് സന്തോഷമായിരുന്നു. ഹോ , അവരാണ് മഹാനഷ്ടക്കാർ.!

പ്രിയപ്പെട്ട സഹോദരരേ, നാം ഇതിൽ ഏതു വിഭാഗത്തിലുൾപ്പെട്ടു?. സ്വന്തത്തോടു തന്നെ ചോദിക്കുക. റമളാനിൽ നേടിയെടുത്ത ഭക്തിയും ചൈതന്യവും ചോർന്നു പോവാതെ സൂക്ഷിക്കുക. ആ വിശ്വാസത്തിന്റെ തിളക്കം നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുക, പ്രാർത്ഥന നിർഭരരായി ജീവിതംനയിക്കുക.ഭക്തരാകാനായി നോമ്പനുഷ്ടിക്കാൻ അല്ലാഹു പറഞ്ഞു. നാം ഭക്തരായി ഒരു മാസക്കാലം കഴിച്ചുവെങ്കിൽ ആ

ഭക്തിയുടെ ലക്ഷണം ചോർന്നു പോകാതിരിക്കാൻ സൂക്ഷിക്കുക. മനസ്സിന്റെ താൽപര്യ ങ്ങളെ നാം കടിഞ്ഞാണിട്ടു നിർത്തിയില്ലേ? ശാരീരിക ഇഛകളെ നാം നിയന്ത്രിച്ചല്ലേ? ചീത്ത പാരമ്പര്യങ്ങളെ നാം കയ്യൊഴിച്ചില്ലേ? അ തിനെല്ലാം നമ്മുടെ നോമ്പു കൊു നമുക്ക് സാധിച്ചുവെങ്കിൽ ഇനിയും അതു തുടരുക, മരണം വരേയും നിലനിർത്തുക, ഖുർആൻ പാരായണം പതിവാക്കിയവർ, സുന്നത്തുകൾ വർദ്ധിപ്പിച്ചവർ, പുണ്യകർമ്മങ്ങളിൽ താൽപര്യം കാണിച്ചിരുന്നവർ, അങ്ങിനെ ആത്മീയമായി ഉന്നതി കൈവരിച്ചവർ, ആ ധന്യമായ ജീവിതം തന്നെ നിലനിർത്തുക.

അതിന് എന്തുണ്ട് മാർഗ്ഗം? വൃത്തികേടുകളിലേക്ക് തന്നെ ഇനിയും ഞാൻ തിരിച്ചു പോകില്ല എന്ന് തീരുമാനിക്കുക. അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ കൊണ്ട് മനസ്സിന് കുളിരും സമാധാനവും നൽകുക. നിർബന്ധ അനുഷ്ഠാനങ്ങളൊന്നും പാഴാക്കില്ലെന്ന് ദൃഢനിശ്ചയം ചെയ്യുക. ഐഛിക മായ പുണ്യ കർമങ്ങൾ പരമാവധി അനുഷ്ഠിക്കുക.

## فضل صيام ستة أيام من شوال
## ശവ്വാലിലെ ആറു നോമ്പ്

പുണ്യം നേടാനായി ധരാളം മാർഗ്ഗങ്ങൾ പ്രവാചകൻ (സ്വ) നമുക്ക് നിർദ്ദേശിച്ചിട്ടുണ്ട്. അതിൽ പെട്ടതാണ്, ശവ്വാൽ മാസത്തിൽ ആറ് നോമ്പ് അനുഷ്ടിക്കുക എന്നത് . അവിടുന്ന് പറഞ്ഞു

عن صفوان بن سليم وسعد بن سعيد عن عمر بن ثابت الأنصاري عن أبي أيوب صاحب النبي صلى الله عليه وسلم عن النبي صلى الله عليه وسلم قال :"من صام رمضان ثم أتبعه بست من شوال فكأنما صام الدهر - صحيح مسلم

(റമളാനിലെ നോമ്പ് അനുഷ്ടിക്കുകയും അതിനെ തുടർന്ന് ശവ്വാലിൽ ആറ് നോമ്പ് അനുഷ്ടിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ കാലം മുഴുവനും നോമ്പ് അനുഷ്ടിച്ചതിന് തുല്ല്യമാണ് . (സ്വഹീഹ് മുസ്ലിം)

അങ്ങിനെ പതിവായി പുണ്യകർമ്മങ്ങൾ പ്രവർത്തിക്കുന്നവരിലും അല്ലാഹു പറഞ്ഞ പോലെ അവൻ ഇഷ്ടപ്പെടുമെന്ന് പറഞ്ഞവരിലും ഉൾപ്പെടാൻ പരിശ്രമിക്കുക .

{ إِذَا مَا اتَّقَواْ وَّآمَنُواْ وَعَمِلُواْ الصَّالِحَاتِ ثُمَّ اتَّقَواْ وَّآمَنُواْ ثُمَّ اتَّقَواْ وَّأَحْسَنُواْ وَاللّهُ يُحِبُّ الْمُحْسِنِينَ } (93) سورة المائدة

''അവർ സൂക്ഷിക്കുകയും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും പിന്നേയും സൂക്ഷിക്കുകയും വിശ്വസിക്കുകയും പിന്നേയും സൂക്ഷിക്കുകയും സുകൃതം ചെയ്യുകയും ചെയ്താൽ, അല്ലാഹു സുകൃതം ചെയ്യുന്നവരെ ഇഷ്ടപ്പെടുന്നു. ''(മാഇദ 93 )

അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين